കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പികെഡി8/316/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി 22-04-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരി ക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3) അസി.ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട്
4) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി8/316/2017 തിയ്യതി: 22-04-2017

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015- 16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-1-2016 മുതൽ 13-2-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-2-2017 മുതൽ 18-2-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. പി.സരിത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.ബാലകൃഷ്ണൻ | 1-4-2015 മുതൽ 31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 11-11-2015 വരെ |
| | ശ്രീമതി.ശാരദ തുളസീദാസ് | 12-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ.സാജു സെബാസ്റ്റ്യൻ | 1-4-2015 മുതൽ 10-2-2016 വരെ |
| | ശ്രീമതി.ഉഷ.കെ.ടി, ബി.പി.ഒ(അഡീ.ചാർജ്ജ്) | 10-2-2016 മുതൽ 11-2-2016 വരെ |
| | ശ്രീ.രാജേഷ്.എൻ, ജോയിന്റ് ബി.ഡി.ഒ (ഇൻ-ചാർജ്ജ്) | 12-2-2016 മുതൽ 28-2-2016 വരെ |
| | ശ്രീ.സി.പി.അനന്തൻ (അഡീ.ചാർജ്ജ്) | 1-3-2016 മുതൽ 31-3-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | ശ്രീമതി.സി.വി.ഷൈനി | 1-4-2015മുതൽ 17-6-2015 വരെ |
| | ശ്രീ.പി.സി.സോമസുന്ദരൻ | 18-6-2015 മുതൽ 31-3-2016 |
| അസിസ്റ്റന്റ് അഗ്രികൾച്ചർ ഓഫീസർ | ശ്രീ.ബാബു.ഇ.എം | 1-4-2015മുതൽ 31-3-2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഹരീന്ദ്രനാഥ്.സി | 1-4-2015 മുതൽ 3-1-2016 വരെ |
| | ശ്രീമതി.റജീന ജോർജ്ജ് | 4-1-2016 മുതൽ 31-3-2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.കെ.ശ്രീജ | 1-4-2015 മുതൽ 31-5-2015 വരെ |
| | ശ്രീ.മനോഹരൻ.കെ | 1-6-2015 മുതൽ 31-3-2016 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ലതാ കൃഷ്ണകുമാരി.ടി.വി | 1-4-2015 മുതൽ 31-3-2016 വരെ |

## ഉള്ളടക്കം

### ഭാഗം-1

| ഖണ്ഡിക നം | പരാമർശം |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | സാമ്പത്തിക വിശകലനം |
| 1-4 | ഫണ്ട് വിനിയോഗം |
| 1-5 | പദ്ധതി അവലോകനം |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം-2<br>ഇല്ല | |
| ഭാഗം-3<br><br>ചെലവ് രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | |
| 3-1 | കൊടുവായൂർ വൃദ്ധസദന നിർമ്മാണം- പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ് |
| 3-2 | ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാക്കി നിൽക്കുന്ന 180077 രൂപ തിരികെ ഈടാക്കേണ്ടതാണ് |
| 3-3 | മരാമത്ത് പ്രവൃത്തികളുടെ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല |
| 3-4 | കുടിവെള്ള പദ്ധതികൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 3-5 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഏക ടെണ്ടറുകൾ അംഗീകരിച്ചു |
| 3-6 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ് |
| 3-7 | മുതലമട പാപ്പൻചള്ളയിലെ ഗായത്രി പുഴയ്ക്ക് കുറുകെയുള്ള പാലം നിർമ്മാണവും അനുബന്ധ പ്രവൃത്തികളും അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ് |
| 3-8 | കൊല്ലങ്കോട് എസ്.സി ഹോസ്റ്റൽ നിർമ്മാണം - പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് |
| 3-9 | ചെറുകിട വ്യവസായ മേഖലയിൽ പദ്ധതിപ്രവർത്തനങ്ങൾ നടത്തിയില്ല |
| 3-10 | പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ - പദ്ധതി രൂപീകരണത്തിലെ പാളിച്ച മൂലം ഭാഗികമായി മാത്രം നടപ്പിലാക്കി |
| 3-11 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി കസേര വാങ്ങി നൽകി |
| 3-12 | പാലിയേറ്റീവ് കെയർ പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 3-13 | ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയുടെ സമബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കിയില്ല |

| ഭാഗം-4 | |
|---|---|
| 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകിയവിവരം |
| 4-3. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

18-3-2015 എന്ന തിയതി രേഖപ്പെടുത്തി 2015-16 വർഷത്തെ ബജറ്റ് പ്രത്യേകം തയ്യാറാക്കി പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുണ്ടെങ്കിലും മിനിറ്റ്സിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ആയതിനാൽ ബജറ്റ് പാസാക്കിയ തീരുമാനം നമ്പർ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-7-2016 | 29-7-2016 | - |

## 1-3 സാമ്പത്തിക വിശകലനം

| 2015-16 | |
|---|---|
| മുന്നിരിപ്പ് | 88223600 |
| വരവ് | 168377191 |
| ആകെ | 256600791 |
| ചെലവ് | 162546798 |
| നീക്കിയിരിപ്പ് | 94053993 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | മറ്റു ഫണ്ടുകളിൽ നിന്നും നിക്ഷേപിച്ചത് (TC) | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 13405409 | 21456434 | 1652772 | 36514615 | 36514615 | 0 | 0 |
| വികസന ഫണ്ട് എസ്.സി.പി | 2152772 | 17691124 | | 19843896 | 18191124 | 1652772 (*) | 0 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 3086000 | | 3086000 | 3086000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 2028546 | 0 | 0 | 2028546 | 2014367 | 14179 (**) | 0 |
| കേന്ദ്ര ഫണ്ട് | 38767043 | 20996616 | | 59763659 | 20498329 | | 39265330 |

(*) വി.പി.എഫ്.എ 2 വിലേക്ക്.

(**) സർക്കാരിലേക്ക് തിരിച്ചടച്ചത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 85 | 215768864 | 69 | 59967917 | -- | 16 |

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 7-11-2016 മുതൽ 9-11-2016 വരെ | 2015-16 | റിപ്പോർട്ട് ലഭ്യമായില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-3-2016 മുതൽ 2-4-2016 വരെ | 1-9-2013 മുതൽ 29-2-2016 വരെ | 25-4-2016 | ഇല്ല |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൊട്ടുവായൂർ വൃദ്ധസദന നിർമ്മാണം- പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്

കൊട്ടുവായൂരിൽ പ്രവർത്തിക്കുന്ന വൃദ്ധ-വികലാംഗ സദനത്തിനായി പുതിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിനായി സ.ഉ(ആർ.ടി)നം.51/2013/എസ്.ജെ.ഡി തിയതി 17-10-2013 പ്രകാരം 26550000 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് സാമൂഹ്യനീതി വകുപ്പിൽ നിന്നും 26550000 രൂപ ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കുകയും 30-5-2014 ന് തുക സൗത്ത് ഇന്ത്യൻ ബാങ്കിലുള്ള 0036053000041224 അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ 5-9-2014ലെ തീരുമാനം നം. 1 പ്രകാരം വൃദ്ധ സദനത്തിന്റെ സ്ട്രക്ച്ചറൽ ഡ്രോയിംഗ്, സ്ട്രക്ച്ചറൽ ഡിസൈൻ, പ്ലംബിംഗ് & ഇലക്ട്രിക്കൽ ഡ്രോയിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ ചുമതലപ്പെടുത്തിയതിനുസരിച്ച് 9-2-2015 ന് ഡിസൈനുകളും എസ്റ്റിമേറ്റും ബ്ലോക്ക് പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 906634 രൂപ കൺസൾട്ടൻസി ചാർജ്ജിനത്തിൽ ഹൗസിംഗ് ബോർഡിന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

1. സാങ്കേതികാനുമതി

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി-3/6645/15/സി.ഇ/തസ്വഭവ തിയതി 10-9-2015 ന് 29430730 രൂപയുടെ സിവിൽ പ്രവൃത്തികളുടെ അടങ്കലിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. തുടർന്ന് താഴെ പറയും പ്രകാരം പ്രൊജക്റ്റ്

ആവിഷ്കരിച്ചിട്ടുണ്ട്.

2. പ്രൊജക്റ്റിന്റെ വിശദാംശം

പ്രൊ.നം.20/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ

വികസന ഫണ്ട് - 4118850

ജില്ലാപഞ്ചായത്ത് - 2000000

മറ്റുള്ളവ - 26550000

ആകെ അടങ്കൽ - 32668850

ജില്ലാ പഞ്ചായത്തിന്റെ ബി. ആർ.ജി.എഫ് ഫണ്ട് പ്രൊജക്റ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ല.

2015-16 വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

3. കെ.എൽ.യു ഉണ്ടെന്ന് ഉറപ്പാക്കാതെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു

കൊടുവായൂർ -1 വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് നം. 21136502 തിയതി പ്രകാരം 15-10-2016 പ്രകാരം നിർമ്മാണം നടത്തുവാനുദ്ദേശിക്കുന്ന 0.1619 ഹെക്ടർ സ്ഥലത്തിന്റെ (റീസർവ്വേ നം. 537/1) സ്വഭാവം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കത്ത് നം. എ-396/12 തിയതി 25-10-2016 പ്രകാരം കൊടുവായൂർ കൃഷി ഓഫീസറോട് കെ.എൽ.യു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെ കെ.എൽ.യു ലഭ്യമായിട്ടില്ല.

ഇത്തരം ബൃഹദ് പദ്ധതികൾ ഏറ്റെടുക്കുന്നതിനു മുമ്പായി നിയമപരമായ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ടതായിരുന്നു. കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചതിനുശേഷം മാത്രം സ്ഥലത്തിന് കെ.എൽ.യു ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചത് ആസൂത്രണത്തിലെ പാളിച്ചയായി വിലയിരുത്തുന്നു.

4. നിലവിലെ സ്ഥിതി

ഇ-ടെണ്ടർ ക്ഷണിച്ച് റൂബികോൺ പ്രൊജക്റ്റ് മാനേജ്മെന്റ് പ്രൈ.ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

നിരക്ക് - 16.5% കുറവ്

എഗ്രിമെന്റ് നം. 1/AEE/LSGD/KSGD/BLOCK/16-17 തിയതി 4-1-2017

പൈലിംഗ് പ്രവൃത്തികൾ ആംരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചു.

സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിച്ച 26550000 രൂപ 30-5-2014 ന് സൗത്ത് ഇന്ത്യൻ ബാങ്കിലുള്ള 0036053000041224 അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയതിൽ നിന്നും കൺസൾട്ടൻസി ചാർജ്ജിനത്തിൽ 906634 രൂപ പിൻവലിച്ച് തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. നാളിതുവരെ 2490632 രൂപ പലിശയിനത്തിൽ ലഭ്യമായിട്ടുണ്ട്.

5. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ജില്ലാ പഞ്ചായത്തിൽ നിന്നും 20 ലക്ഷം രൂപയുടെ ബി.ആർ.ജി.എഫ് ഫണ്ട് ലഭ്യമാകുവാനുള്ള സാധ്യതയില്ലാത്തതിനാൽ മറ്റ് സ്രോതസ്സുകളിൽ നിന്നും തുക കണ്ടെത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
2. സാമൂഹ്യനീതി വകുപ്പിൽ നിന്നും അനുവദിച്ച തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ ലഭ്യമാകുന്ന തുക ഏതു രീതിയിൽ വിനിയോഗിക്കണം എന്ന് സാമൂഹ്യനിതി വകുപ്പിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കി ആയതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
3. സ്ഥലത്തിന് കെ.എൽ.യു ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
4. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കേണ്ടതും പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്.

തുടർനടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 7/16-2-2017)

# 3-2 ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ബാക്കി നിൽക്കുന്ന 180077 രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് - 9/16 – മതിരംപള്ളം കുടിവെള്ള പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ

മതിരംപള്ളം കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിനായി ബിൽ നം. 14/11-9-2015 പ്രകാരം 580000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ജല അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഡി.ഡി നം. 691887/16-9-2015 - 580000 രൂപ

കേരള ജല അതോറിറ്റിയുടെ പാലക്കാട് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 17-8-2016 തിയതിയിലെ കത്ത് നം. KWA/PHD/Palakkad/UC/Kollengode Block Panchayath പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് 399923 രൂപ മാത്രമാണ്

പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. ആയതിനാൽ മുൻകൂറായി നിക്ഷേപിച്ച തുകയിൽ ബാക്കി നിൽക്കുന്ന 180077 രൂപ അടിയന്തിരമായി തിരികെ ഈടാക്കേണ്ടതാണ്.
നിർവ്വഹണ ഉദ്യോഗസ്ഥനും വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനിയറും തമ്മിൽ 16-9-2015 ന് ഒപ്പുവെച്ച എഗ്രിമെന്റിലെ വ്യവസ്ഥ നം. 4 പ്രകാരം മുൻകൂറായി സ്വീകരിച്ചിട്ടുള്ള തുകയ്ക്ക് പലിശ ഈടാക്കാവുന്നതാണ്. ആയതിനാൽ ബാക്കി തുക ഈടാക്കുമ്പോൾ പലിശ കൂടി ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല

ജി.ഒ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി കരാർ ഒപ്പുവെക്കാവുന്നതാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കാവുന്നതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരുമായി എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുള്ളത് മാന്വലിലെ നിബന്ധനകൾ പാലിക്കാതെയാണ് .

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീ കരിച്ച തിയതി | എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 73/16-പുത്തൻകളം എസ്.സി കോളനി റോഡ്-മുതലമട<br>കരാറുകാരൻ –<br>ശ്രീ.സി.ഹിരോഷ് കുമാർ | 26-8-2015 | 8-9-2015 | 23-9-2015 നം.19 | 5000 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ - 500000 | | | | |
| 2 | 46/16-വേങ്ങപ്പാറ വ്യാപാരിചള്ള റോഡ്-കൊല്ലങ്കോട്<br>കരാറുകാരൻ -<br>ശ്രീ.ടി.ശിവൻ<br>അടങ്കൽ - 600000 | 26-8-2015 | 8-9-2015 | 1-10-2015<br>നം.20 | 6000 |
| 3 | 47/16-കുന്നംകവളക്കോട് റോഡ്-കൊല്ലങ്കോട്<br>കരാറുകാരൻ -<br>ശ്രീ.ടി.ശിവൻ<br>അടങ്കൽ - 600000 | 26-8-2015 | 8-9-2015 | 1-10-2015<br>നം.21 | 6000 |
| 4 | 39/16-കാവിൽക്കളം പീടികക്കോട് റോഡ്-പട്ടഞ്ചേരി<br>കരാറുകാരൻ -<br>ശ്രീ.ആർ.വിൽസൻ<br>അടങ്കൽ - 500000 | 26-8-2015 | 8-9-2015 | 1-10-2015<br>നം.22 | 5000 |
| 5 | 57/16-മാമ്പ്രപാടം ഡ്രൈനേജ്-കൊല്ലങ്കോട്<br>കരാറുകാരൻ -<br>ശ്രീ.ജി.പ്രമോദ് കുമാർ<br>അടങ്കൽ - 600000 | 26-8-2015 | 8-9-2015 | 6-10-2015<br>നം.27 | 6000 |
| 6 | 75/16-കോവിലകം മാതക്കോട് എസ്.സി കോളനി റോഡ്-കൊല്ലങ്കോട് കരാറുകാരൻ – ശ്രീ. ജെ.സുരേഷ്<br>അടങ്കൽ - 600000 | 26-8-2015 | 8-9-2015 | 29-2-2016<br>നം.39 | 6000 |
| 7 | 70/16-മുല്ലക്കൽ കുളമ്പ് എസ്.സി കോളനി റോഡ് പുനരുദ്ധാരണം-വടവന്നൂർ<br>കരാറുകാരൻ-<br>ശ്രീ. കലാധരൻ.വി<br>അടങ്കൽ - 500000 | 26-8-2015 | 8-9-2015 | 7-1-2016<br>നം.36 | 5000 |

| | | | | | |
|---|---|---|---|---|---|
| 8 | 48/16-രാജീവ് നഗർ റോഡ് കന്നിമാരി-പട്ടഞ്ചേരി<br>കരാറുകാരൻ – ശ്രീ. രമേഷ്.ആർ<br>അടങ്കൽ - 600000 | 26-8-2015 | 8-9-2015 | 5-2-2016<br>നം.34 | 6000 |
| 9 | 49/16-അയൻവീട്ട് ചള്ള-മീരാൻചള്ള റോഡ്-പട്ടഞ്ചേരി<br>കരാറുകാരൻ ശ്രീ.രമേഷ്.ആർ<br>കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്<br>അടങ്കൽ - 600000 | 26-8-2015 | 8-9-2015 | 5-2-2016<br>നം.35 | 6000 |
| ആകെ | | | | | 51000 |

എഗ്രിമെന്റ് ഒപ്പുവെക്കുവാൻ വൈകിയ കരാറുകാരിൽ നിന്നും മേൽപറഞ്ഞ പ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.2/16-2-2017 നുള്ള മറുപടിയിൽ കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-4** കുടിവെള്ള പദ്ധതികൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2015-16 വർഷത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തിയ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പല കാരണങ്ങളാൽ നാളിതുവരെ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നവിധത്തിൽ കൈമാറിയിട്ടില്ല.

| ക്രമ നം. | കുടിവെള്ള പദ്ധതി | അടങ്കൽ | ചെലവ് | കരാറുകാരൻ/ എഗ്രിമെന്റ്/ എം.ബുക്ക്/ ബിൽ നം. | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | 40/16-പയല്ലൂർ എലന്തിമേട് | 500000 | 90657 | ശ്രീ.പ്രസാദ്.കെ.പി<br>6/18-9-2015<br>127/13-14 | നിലവിൽ പമ്പ് ഹൗസിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മോട്ടോർ സ്ഥാപിച്ച് |

| | | | | | |
|---|---|---|---|---|---|
| | | | | 50/31-3-16 | വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. |
| 2 | 41/16-നായർതറ | 550000 | 516077 | ശ്രീ.എൻ.എം. ഷെഫീക്ക് 29/18-12-2015 123/13-14 52/31-3-16 | നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടുതൽ പ്രദേശത്തേക്ക് പൈപ്പ്‌ലൈൻ നീട്ടണം എന്ന ആവശ്യം പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ പ്രാദേശികമായി ഉയർന്നതിന്റെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായി തുടർ വർഷത്തിൽ പ്രൊജക്റ്റ് വെച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 3 | 38/16-ഇടയൻ കുളമ്പ് | 500000 | 469292 | ശ്രീ.എൻ.എം. ഷെഫീക്ക് 30/18-12-2015 122/13-14 54/31-3-16 | |

പ്രവൃത്തികൾ ആരംഭിച്ചതിനുശേഷം പൂർത്തീകരണം നീണ്ടുപോകുന്നവിധത്തിൽ മാറ്റങ്ങൾ വരുത്തുന്നതുമൂലം കുടിവെള്ള പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രാദേശികമായ ആവശ്യകതകൾ വിലയിരുത്തേണ്ടതും വിശദമായ സ്ഥല പരിശോധന നടത്തേണ്ടതുമാണ്.

മേൽ പദ്ധതികൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 7/16-2-2016)

## 3-5 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഏക ടെണ്ടറുകൾ അംഗീകരിച്ചു

2015-16 വർഷത്തിൽ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ ഏക ടെണ്ടറുകൾ ഭരണ സമിതിയുടെ 26-8-2015 ലെ തീരുമാനം നം. 1(എ) പ്രകാരം അംഗീകരിക്കുകയും കരാറുകാരുമായി എഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ സിംഗിൾ ടെണ്ടർ ലഭ്യമായാൽ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കാലാവധി പരമാവധി 15 ദിവസത്തേക്ക് ദീർഘിപ്പിച്ചു നൽകേണ്ടതാണെന്നും ദീർഘിപ്പിച്ചു നൽകിയ കാലയളവിനുള്ളിൽ കൂടുതൽ ടെണ്ടറുകൾ

ലഭ്യമായില്ലെങ്കിൽ റീ ടെണ്ടർ നടത്തേണ്ടതാണെന്ന് സ.ഉ(പി)നം. 324/15/ഫിൻ തിയതി 3-7-2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ തുറക്കുവാൻ പാടില്ലെന്നും നിബന്ധനയുണ്ട്. എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കാണെങ്കിലും പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിബന്ധനകൾ പരിഗണിക്കാതെ അംഗീകാരം നൽകിയ 20 ഏക ടെണ്ടറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ക്വാട്ട് ചെയ്ത നിരക്ക് | എഗ്രിമെന്റ് വെച്ച തിയതി, നം. |
|---|---|---|---|
| 1 | 82/16-കോട്ടപ്പള്ളം എസ്.സി കോളനി റോഡ്-മുതലമട<br>കരാറുകാരൻ -ശ്രീ. ജി.പ്രമോദ്കുമാർ<br>അടങ്കൽ - 800000 | 1.01% കുറവ് | 18-9-2015<br>നം.16 |
| 2 | 43/16-കരിമൻചാല അങ്കണവാടി റോഡ്-പുതുനഗരം<br>കരാറുകാരൻ -ശ്രീ. എം.മുസാഫർ അഹമ്മദ്, അടങ്കൽ - 700000 | 0.1% കുറവ് | 18-9-2015<br>നം.10 |
| 3 | 61/16-വിരിഞ്ഞിപാടം റോഡ്-പുതുനഗരം<br>കരാറുകാരൻ -ശ്രീ. എം.മുസാഫർ അഹമ്മദ്, അടങ്കൽ - 500000 | 0.1% കുറവ് | 18-9-2015<br>നം.11 |
| 4 | 79/16-വീട്ടിയോട് കുന്നംകാട് മതിലകം റോഡ്-പുതുനഗരം<br>കരാറുകാരൻ -ശ്രീ. എം.ഫൈസൽ അലി, അടങ്കൽ - 600000 | 0.1% കുറവ് | 18-9-2015<br>നം.9 |
| 5 | 57/16-മാമ്പ്രപാടം ഡ്രൈനേജ്-കൊല്ലങ്കോട്<br>കരാറുകാരൻ -ശ്രീ.ജി.പ്രമോദ് കുമാർ<br>അടങ്കൽ - 600000 | 0.51% കുറവ് | 6-10-2015<br>നം.27 |
| 6 | 45/16-ടിവി തെരുവ് ബൈപാസ് റോഡ് വിരിഞ്ഞമ്പാടം-പുതുനഗരം | 0.1% കുറവ് | 18-9-2015 |

| | | | |
|---|---|---|---|
| | കരാറുകാരൻ -ശ്രീമതി. സമീന.എച്ച്<br>അടങ്കൽ - 900000 | | നം.17 |
| 7 | 81/16-വേമ്പത്ത് പറമ്പ് റോഡ്-പെരുവെമ്പ്<br>കരാറുകാരൻ -ശ്രീ.ആർ.ഹാരിക്<br>അടങ്കൽ - 600000 | 0.005% കുറവ് | 18-9-2015<br>നം.18 |
| 8 | 52/16-പാറ എരിപ്പാടം കാട്ടുതെരുവ് മാമ്പള്ളം റോഡ്-മുതലമട<br>കരാറുകാരൻ -ശ്രീ. സി.ഹിരോഷ് കുമാർ, അടങ്കൽ - 1250000 | 0.1% കുറവ് | 18-9-2015<br>നം.13 |
| 9 | 73/16-രണ്ടിലപ്പ എസ്.സി കോളനി റോഡ്-കൊല്ലങ്കോട്<br>കരാറുകാരൻ -ശ്രീ. ആർ.ഹരിദാസ്<br>അടങ്കൽ - 500000 | 0.1% കുറവ് | 18-9-2015<br>നം.7 |
| 10 | 44/16-പാളയംകാട് തൊണ്ടക്കാട് റോഡ്-കൊല്ലങ്കോട്<br>കരാറുകാരൻ -ശ്രീ. ആർ.ഹരിദാസ്<br>അടങ്കൽ - 600000 | 0.01% കുറവ് | 18-9-2015<br>നം.8 |
| 11 | /16-കോവിലകം മാതക്കോട് എസ്.സി കോളനി റോഡ്-കൊല്ലങ്കോട്<br>കരാറുകാരൻ -ശ്രീ. ജെ.സുരേഷ്<br>അടങ്കൽ - 600000 | 0.01% കുറവ് | 29-2-2016<br>നം.39 |
| 12 | 73/16-പുത്തൻകളം എസ്.സി കോളനി റോഡ്-മുതലമട<br>കരാറുകാരൻ -<br>ശ്രീ.സി.ഹിരോഷ് കുമാർ, അടങ്കൽ - 500000 | 0.1% കുറവ് | 23-9-2015<br>നം.19 |
| 13 | 51/16-ചുണ്ടിപുലിക്കോട് കോവിൽ റോഡ് -മുതലമട | 0.2% കുറവ് | 6-10-2015<br>നം.25 |

| | | | |
|---|---|---|---|
| | കരാറുകാരൻ -ശ്രീ.സി.ഉദയകുമാർ<br>അടങ്കൽ - 850000 | | |
| 14 | 55/16-കിഴക്കേ പൂന്തോണി കനാൽബണ്ട് റോഡ്-വടവന്നൂർ<br>കരാറുകാരൻ -ശ്രീ. ജി.പ്രമോദ്കുമാർ<br>അടങ്കൽ - 600000 | 1% കുറവ് | 18-9-2015<br>നം.15 |
| 15 | 46/16-വേങ്ങപ്പാറ വ്യാപാരിചള്ള റോഡ്-കൊല്ലങ്കോട്<br>കരാറുകാരൻ -ശ്രീ.ടി.ശിവൻ<br>അടങ്കൽ - 600000 | 0.01% കുറവ് | 1-10-2015<br>നം.20 |
| 16 | 54/16-വട്ടച്ചിറ തോട് ട്രാക്റ്റർ കൾവർട്ട്- വടവന്നൂർ<br>കരാറുകാരൻ -ശ്രീ. ഉണ്ണികൃഷ്ണൻ.കെ<br>അടങ്കൽ - 600000 | 0.03% കുറവ് | 18-9-2015<br>നം.12 |
| 17 | 70/16-മുല്ലക്കൽ കുളമ്പ് എസ്.സി കോളനി റോഡ് പുനരുദ്ധാരണം-വടവന്നൂർ<br>കരാറുകാരൻ -ശ്രീ. കലാധരൻ.വി<br>അടങ്കൽ - 500000 | 0.01% കുറവ് | 7-1-2016<br>നം.36 |
| 18 | 48/16-രാജീവ് നഗർ റോഡ് കന്നിമാരി-പട്ടഞ്ചേരി<br>കരാറുകാരൻ -ശ്രീ. രമേഷ്.ആർ<br>അടങ്കൽ - 600000 | 2.12%കുറവ് | 5-2-2016<br>നം.34 |
| 19 | 39/16-കാവിൽക്കളം പീടികക്കോട് റോഡ്-പട്ടഞ്ചേരി<br>കരാറുകാരൻ -ശ്രീ.ആർ.വിൽസൻ<br>അടങ്കൽ - 500000 | 3.41 %കുറവ് | 1-10-2015<br>നം.22 |
| 20 | 49/16-അയ്യപ്പൻവീട്ട് ചള്ള-മീരാൻചള്ള റോഡ്-പട്ടഞ്ചേരി<br>കരാറുകാരൻ ശ്രീ.രമേഷ്.ആർ | 1.21 %കുറവ് | 5-2-2016<br>നം.35 |

| | | | |
|---|---|---|---|
| | അടങ്കൽ - 600000 | | |

മേൽപറഞ്ഞ ഏക ടെണ്ടറുകൾ ലഭിച്ചപ്പോൾ സർക്കാർ ഉത്തരവനുസരിച്ച് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി നൽകിയിരുന്നെങ്കിൽ കൂടുതൽ ടെണ്ടറുകൾ ലഭിക്കുവാനുള്ള സാധ്യതയുണ്ടായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഏക ടെണ്ടർ തുറക്കുവാൻ പാടില്ലെന്ന നിബന്ധന പാലിക്കാതെ ടെണ്ടറുകൾ തുറക്കുകയും അംഗീകരിക്കുകയും ചെയ്യതുമൂലം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുമായിരുന്ന സാമ്പത്തിക ലാഭം നഷ്ടമായി.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെയും വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ടെണ്ടർ നടപടികളിൽ സുതാര്യതയും മിതവ്യയത്വവും ഉത്തരവാദിത്തവും ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 8/16-2-2017നുള്ള മറുപടിയിൽ നിലവിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 3-6 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിന്മേലുള്ള പൊതു നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. എഗ്രിമെന്റ് വ്യവസ്ഥകൾ 2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കേണ്ടതാണ്

സ.ഉ(പി) നം. 13/2012/PWD തിയതി 1-2-2012 പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ ടെണ്ടർ ലഭിച്ച കരാറുകാരുമായി ഏർപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ മാന്വലിലെ നിബന്ധനകൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി എഗ്രിമെന്റ് വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ

തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം.

മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും രേഖകളുടെ സൂക്ഷിപ്പിലും ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 മുതലമട പാപ്പൻചള്ളയിലെ ഗായത്രി പുഴയ്ക്ക് കുറുകെയുള്ള പാലം നിർമ്മാണവും അനുബന്ധ പ്രവൃത്തികളും അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്

മുതലമട പാപ്പൻചള്ള റയിൽവേസ്റ്റേഷൻ റോഡിൽ ഗായത്രി പുഴയ്ക്ക് കുറുകെയുള്ള പാലം നിർമ്മാണത്തിന് പാലക്കാട് ജില്ലാ കലക്ടറുടെ 1-6-2012 ലെ ഇ-221/2012 നമ്പർ നടപടിക്രമം പ്രകാരം ബി.ആർ.ജി.എഫ് ഫണ്ട് വകയിരുത്തി 60ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദമായ ഡിസൈൻ തയ്യാറാക്കുവാൻ പാലക്കാട് എൻ.എസ്.എസ് എഞ്ചിനിയറിംഗ് കോളേജിനെ ഏൽപ്പിച്ചതനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ അധികം പ്രതീക്ഷിക്കുന്ന 25 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും 1-1-2014 ന് ജില്ലാ പഞ്ചായത്തിന് കത്ത് നൽകുകയും ചെയ്തു. എസ്റ്റിമേറ്റും, ഡിസൈനും വിശദമായി പരിശോധിച്ചതിനു ശേഷം ചെലവ് കുറയ്ക്കാനും, ന്യൂനതകൾ പരിഹരിക്കുവാനുമുള്ള ജില്ലാ പഞ്ചായത്തിന്റെ ആവശ്യത്തെതുടർന്ന് സ്റ്റെക്ച്ചെസ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പുതുക്കിയ ഡിസൈനും തയ്യാറാക്കുകയും ചെയ്തു. നാലു സ്പാനുകളിലായി 30 മീറ്റർ നീളവും 5മീറ്റർ വീതിയുമുള്ള പാലം നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടത്.

1. കരാർ ചമച്ചതിന്റെ വിവരം

23-2-2014 ന് 4984367 രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയും 27-3-2014 ന് ടെണ്ടർ പരസ്യം നൽകുകയും ചെയ്തുവെങ്കിലും 4-3-2014 മുമ്പ് കരാർ വച്ച പ്രവർത്തികൾക്ക് മുൻഗണന നൽകേണ്ടതാണെന്ന ജില്ലാ കലക്ടറുടെ അറിയിപ്പിനെ തുടർന്ന്, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. ജി. പ്രമോദ് കുമാർ എന്ന കരാറുകാരനുമായി കരാർ ഒപ്പുവയ്ക്കാൻ സാധിക്കാതെ വന്നു. കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കാൻ സാധിക്കുമോ എന്നും, ബി.ആർ. ജി എഫ് തുക ലഭ്യമാകുമോ എന്നും 10-9-2014 ന് സി/956/11 നമ്പർ കത്തിൽ പ്രോജക്ട് ഡയറക്ടറോട് ആരായുകയും ചെയ്തു. പ്രത്യേക അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 26-11-2014 ന് കരാർ ഒപ്പ് വയ്ക്കുകയും (കരാർ നമ്പർ 1/14-15) 26-1-2015 ന് ആഭ്യന്തര വകുപ്പ് മന്ത്രി ശിലാസ്ഥാന കർമ്മം നടത്തുകയും ചെയ്തു.

2. ഫണ്ടിന്റെ ലഭ്യത

ബി.ആർ.ജി.എഫ് ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ 29-4-2015 ലെ സർക്കാർ കത്ത് നം. 23896/FM3/2012/ത.സ്വ.ഭ.വ പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തുകയും 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ 30 ലക്ഷം രൂപ വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 94/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ -3000000 (വികസന ഫണ്ട്)

തൻവർഷത്തെ ചെലവ് - 2970482 രൂപ (ബിൽ നമ്പർ 20/15-16 തിയതി 12-2-2016).

എം. ബുക്ക് നമ്പർ 1/2007-08

കരാറുകാരൻ -ശ്രീ. ജി. പ്രമോദ് കുമാർ

2015-16 വർഷത്തിൽ 29.70 ലക്ഷം രൂപ ചെലവഴിച്ച് ഭാഗികമായി പൂർത്തീകരിച്ച പ്രവൃത്തി

2016-17 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി തുടരുന്നുണ്ട്.

3. 2016-17 വർഷത്തെ ചെലവ്

1. നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊ.നം.39/17 പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 2000000 രൂപയും, പ്രൊ.നം. 88/17 പ്രകാരം 25475 രൂപയും ചെലവഴിച്ചിട്ടുണ്ട്.

2. നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എക്സി.എഞ്ചിനിയർ

പ്രൊ.നം. 62/17 - രണ്ടാം ഘട്ട പ്രവൃത്തിക്കായി 1500000 രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ട്. (). ടെണ്ടർ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

പ്രൊ.നം. 101/17 - അപ്രോച്ച് റോഡ് നിർമ്മാണത്തിനായി 3345817 രൂപ വകയിരുത്തി പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.

4. ഓഡിറ്റ് നിരീക്ഷണം

മറ്റ് ഏജൻസികളിൽ നിന്നും പ്രത്യേക ആവശ്യത്തിനായി ലഭിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ കാലതാമസം വരുത്തുന്നതിനാൽ ഫണ്ട് നഷ്ടമാകുന്ന സ്ഥിതി വിശേഷം ഉണ്ടാകുന്നുണ്ട്. 2012-13 വർഷത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ തുടർനടപടികൾ വൈകിയതിനാൽ 60 ലക്ഷം രൂപയുടെ ബി.ആർ.ജി.എഫ് ഫണ്ട് ലഭ്യമാകാതെ വരികയും പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ തുക

വികസനഫണ്ടിൽ നിന്ന് വകയിരുത്തേണ്ടി വരികയും ചെയ്തു. ബി.ആർ.ജി.എഫ് ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ മറ്റ് സ്രോതസ്സുകളിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല. 5 വർഷക്കാലയളവ് പിന്നിട്ടിട്ടും പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകാത്ത രീതിയിൽ പാലംപണി തുടരുകയാണ്.

5. നിലവിലെ സ്ഥിതി

നിലവിൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. 17-2-2017 ന് അസി.എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ഇക്കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്.

6. ഓഡിറ്റ് നിർദ്ദേശം

ബൃഹദ് പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ജാഗ്രത ഉണ്ടാകേണ്ടതാണ്.

മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യത കൂടി ഉറപ്പാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ വികസനഫണ്ടിനുണ്ടാകുന്ന അധിക ബാധ്യത കുറയ്ക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

പാലത്തിന്റെ വിംഗ് വാൾ ഉൾപ്പെടെയുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



*ചിത്രം-നിർമ്മാണം പൂർത്തീകരിച്ച പാലം*
*(അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല)*

## 3-8 കൊല്ലങ്കോട് എസ്.സി ഹോസ്റ്റൽ നിർമ്മാണം - പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2013-14 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച കൊല്ലങ്കോട് പ്രിമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന് പാലക്കാട് ജില്ലാ കലക്ടറുടെ 2-5-13 ലെ ഇ-2758/2012(2) നമ്പർ നടപടിക്രമം പ്രകാരം ബി.ആർ.ജി.എഫ് പദ്ധതിയിലുൾപ്പെടുത്തി 60ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വിശദമായ ഡിസൈൻ തയ്യാറാക്കുവാൻ സ്ട്രക്ചറൽ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചതനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒരു കോടി രൂപയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

7-10-2013 ന് നം.സ/956/11 പ്രകാരമുള്ള ടെണ്ടർ നോട്ടീസ് നൽകിയതിൽ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത കൊടുവായൂർ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 8-3-13 ൽ സ്ഥാപനവുമായി കരാർ ഒപ്പ് വെച്ചിട്ടുണ്ട് (കരാർ നമ്പർ 8/13-14). പ്രസ്തുത പ്രവൃത്തി 31-12-2014 ൽ പൂർത്തീകരിക്കുവാണ് ലക്ഷ്യമിട്ടത്. പ്രവൃത്തി പൂർത്തീകരണത്തിനു സാങ്കേതിക തടസ്സങ്ങൾ നേരിട്ടത് മൂലം കാലാവധി നീട്ടിത്തരുവാനുള്ള ടി സ്ഥാപനത്തിന്റെ 17-1-2014 ലെ അപേക്ഷ പരിഗണിക്കുകയും പൂർത്തീകരണ കാലാവധി 31-12-2015 ന് നീട്ടിക്കൊടുക്കുകയും ചെയ്തു.

<u>വിവിധ വർഷങ്ങളിലെ പ്രൊജക്ടുകളുടെ വിവരം</u>

<u>2013-14</u>

പ്രൊ.നം. 71/14, പ്രകാരം, 6450000രൂപ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനിയറെ നിർവ്വഹണോദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയെങ്കിലും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

<u>2014-15</u>

പ്രൊ.നം. -16/15

അടങ്കൽ - 4000000 (എസ്.സി.പി- 3500000+ജനറൽ - 500000)

തൻവർഷത്തെ ചെലവ് - 3012687 (വികസന ഫണ്ട് -എസ്.സി.പി)

കരാറുകാരൻ - കൊടുവായൂർ കൺസ്ട്രക്ഷൻസ്

<u>2015-16</u>

<u>പ്രൊ.നം. 11/6</u>

<u>അടങ്കൽ - 6987313</u>

(വികസന ഫണ്ട് - ജനറൽ - 500000 + എസ്.സി.പി - 487313 + കേന്ദ്ര വിഹിതം - 6000000)

ചെലവ് - 32835 – ജനറൽ (ബിൽ നം. 43/31-3-2016)

487313 - എസ്.സി.പി (44/31-3-2016)

ബി.ആർ.ജി.എഫ് ഫണ്ട് 60 ലക്ഷം രൂപ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ 29-4-2015 ലെ സർക്കാർ കത്ത് നം. 23896/FM3/2012/ത.സ്വ.ഭ.വ പ്രകാരം പ്ലാൻ ഫണ്ടിൽ(ജനറൽ) നിന്നും തുക വകയിരുത്തിയിരുത്തുവാൻ തീരുമാനിക്കുകയും 2016-17 വർഷത്തിൽ തുക വകയിരുത്തുകയും ചെയ്തു.

2016-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

1. 48/16-17 – എസ്.സിപി - 6000000

2. പ്രൊ.നം. 48/17 – പ്രീമെട്രിക് ഹോസ്റ്റൽ വയറിംഗ് -അടങ്കൽ - 1323000

ഓഡിറ്റ് നിരീക്ഷണം

മറ്റ് ഏജൻസികളിൽ നിന്നും പ്രത്യേക ആവശ്യത്തിനായി ലഭിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിൽ കാലതാമസം വരുത്തുന്നതിനാൽ ഫണ്ട് നഷ്ടമാകുന്ന സ്ഥിതി വിശേഷം ഉണ്ടാകുന്നുണ്ട്. 2013-14 വർഷത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ തുടർനടപടികൾ വൈകിയതിനാൽ 60 ലക്ഷം രൂപയുടെ ബി.ആർ.ജി.എഫ് ഫണ്ട് ലഭ്യമാകാതെ വരികയും നിർമ്മാണത്തിനാവശ്യമായ തുക വികസനഫണ്ടിൽ നിന്ന് വകയിരുത്തേണ്ടി വരികയും ചെയ്തു. ബി.ആർ.ജി.എഫ് ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ മറ്റ് സ്രോതസ്സുകളിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

നിലവിലെ സ്ഥിതി

കെട്ടിടത്തിന്റെ താഴത്തെ നില പൂർത്തീകരിച്ച് ഒന്നാം നിലയുടെ പ്രവൃത്തികൾ തുടർന്നുവരുന്നുണ്ട്. ഇക്കാര്യം 17-2-2017 ന് അസി.എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ബൃഹദ് പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ജാഗ്രത ഉണ്ടാകേണ്ടതാണ്.

മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടിന്റെ ലഭ്യത കൂടി ഉറപ്പാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ

വികസനഫണ്ടിനുണ്ടാകുന്ന അധിക ബാധ്യത കുറയ്ക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

മോണിറ്ററിംഗ് കാര്യക്ഷമമാക്കി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കി വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



*ചിത്രം – നിർമ്മാണം പുരോഗമിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ*

## **3-9** ചെറുകിട വ്യവസായ മേഖലയിൽ പദ്ധതിപ്രവർത്തനങ്ങൾ നടത്തിയില്ല

2015-16 വർഷത്തിൽ വ്യവസായ വികസന ഓഫീസർ മുഖനെ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകളൊന്നും രൂപീകരിച്ചിട്ടില്ലെന്ന് പദ്ധതി നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് (1)ാം ഉപവകുപ്പ് പ്രകാരമുള്ള നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ചെറുകിട വ്യവസായരംഗം പ്രോത്സാഹിപ്പിക്കുന്നതിനായി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, എസ്.എസ്.ഐ യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടു കൂടിയ വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുക, വ്യവസായ മേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവ ഉൾപ്പെടുന്നുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ മേഖലകളിലും വികസനഫണ്ട് ചെലവഴിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

## 3-10 പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ - പദ്ധതി രൂപീകരണത്തിലെ പാളിച്ച മൂലം ഭാഗികമായി മാത്രം നടപ്പിലാക്കി

പ്രോജക്ട് – 34/16 പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷാ സ്വയം തൊഴിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 7840000

(വികസനഫണ്ട് (SCP) -1400000 +-ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ-6440000)

ചെലവ് - 300000 (വികസനഫണ്ട്)

ബിൽ നം. -1) 14/23-03-16

2) 16/28-03-16

3) 17/31-03-16

4)18/31-03-16

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 28 പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. അർഹരായ ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് അയച്ചു നൽകുന്നതിനായി എല്ലാ പഞ്ചായത്തുകൾക്കും കത്ത് നൽകിയെങ്കിലും കൊടുവായൂർ ഗ്രാമപഞ്ചായത്ത് മാത്രമാണ് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ മുൻഗണനാലിസ്റ്റ് ലഭ്യമാക്കിയത്. ആയതിനാൽ കൊടുവായൂർ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ലിസ്റ്റിലെ 6 ഗുണഭോക്താക്കൾക്ക് മാത്രമാണ് തൻവർഷം ധനസഹായം നൽകിയിരിക്കുന്നത്.

ഗുണഭോക്താക്കളുടെ താൽപ്പര്യക്കുറവു മൂലവും പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് ഇതേ പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടുള്ളതിനാലും മറ്റ് പഞ്ചായത്തുകൾ ലിസ്റ്റ് നൽകാത്തതിനാലും 21% തുക മാത്രം ചെലവഴിച്ച് പദ്ധതി അവസാനിപ്പിക്കേണ്ടിവന്നു. പ്രൊജക്റ്റിനായി വകയിരുത്തിയ 1400000 രൂപയിൽ 1100000 രൂപയും പ്രത്യേക സർക്കാർ ഉത്തരവ് അനുസരിച്ച് IAY പദ്ധതിക്കായി വക മാറ്റുകയും ചെയ്തു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് (1)ാം ഉപവകുപ്പ് അനുസരിച്ചുള്ള നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിൽ ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത

ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക്‌വേർഡ് ഫോർവേർഡ് ലിങ്കേജ് നൽകുകയും ചെയ്യേണ്ടതാണെന്നും പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നതാണോ എന്ന് വിലയിരുത്താതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി കസേര വാങ്ങി നൽകി

പ്രോജക്ട് - 33/16 – ഡിഗ്രി വിദ്യാർത്ഥികൾക്ക് മേശ, കസേര

അടങ്കൽ - 1015000 (വികസനഫണ്ട് (SCP))

ചെലവ് - 699339

ബിൽ നം. -19/31-03-16

മേൽ പ്രോജക്ട് പ്രകാരം 204 എസ്.സി വിദ്യാർത്ഥികൾക്ക് SIDCO യിൽ നിന്നും സ്റ്റീൽമേശയും പ്ലാസ്റ്റിക് കസേരയും വാങ്ങി നൽകിയിട്ടുണ്ട്.

വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | സ്പെസിഫിക്കേഷൻ | നിരക്ക് | മൂല്യവർദ്ധിത നികുതി | ഇൻവോയ്സ് നം. |
|---|---|---|---|---|
| സ്റ്റീൽ മേശ | 36"x18"x30" (20/22 g) | 2576 | 14.5 % | SMCPKD/ 15-16/0562/ |
| പ്ലാസ്റ്റിക് കസേര | Armless | 418 | | |

മേൽ സ്പെസിഫിക്കേഷനോടു കൂടിയ 204 സ്റ്റീൽമേശയും പ്ലാസ്റ്റിക് കസേരയും വാങ്ങി നൽകുന്നതിനായി 6,99,339 രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ ജി.ഒ(ആർ.ടി)നം.26/15/SPD തീയതി 28-5-15 പ്രകാരം സിഡ്കോയുടെ മരം, സ്റ്റീൽ, ഹോസ്പിറ്റൽ ഉൽപ്പന്നങ്ങളുടെ നിരക്കുകൾ അംഗീകരിച്ചിട്ടുണ്ട്. സിഡ്കോ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നില്ല. സിഡ്കോ മുഖേന വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് ചെയറുകൾക്ക് റേറ്റ് കോൺട്രാക്ട് നിരക്ക് നിലവിലില്ല.

മേൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം. 362/2013/ത.സ്വ.ഭ.വ തീയതി 16-11-2013 പ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 4000 രൂപ ചെലവുപരിധിയിൽ സ്റ്റീൽ/ മരം ഫർണ്ണീച്ചറുകൾ വാങ്ങി നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്ലാസ്റ്റിക് ചെയറുകൾ വാങ്ങി നൽകുന്നതിനുള്ള അനുമതി ഇല്ല. മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി പ്ലാസ്റ്റിക് ചെയറുകൾ വാങ്ങി നൽകിയത് ശരിയായ നടപടിയല്ല.

2. സിഡ്കോ നിർമ്മിക്കാത്തതും റേറ്റ് കോൺട്രാക്റ്റ് നിലവിലില്ലാത്തതുമായ പ്ലാസ്റ്റിക് കസേര സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയ നടപടിയും ക്രമപ്രകാരമല്ല. ടെണ്ടർ നടപടികളിലൂടെ ചെയറുകൾ വാങ്ങുന്നതിനുള്ള ശ്രമവും നടത്തിയിട്ടില്ല. 204 പ്ലാസ്റ്റിക് കസേരകൾക്കായി 97716 രൂപ ചെലവഴിച്ചിട്ടുണ്ട്.

3. ഓരോ വിദ്യാർത്ഥിയും പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## **3-12** <u>പാലിയേറ്റിവ് കെയർ പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്</u>

പ്രോജക്ട് -6/16 – പാലിയേറ്റിവ് കെയർ ബ്ലോക്ക് വിഹിതം

അടങ്കൽ - 400000

ചെലവ് - 400000 - വികസന ഫണ്ട് (ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നമ്പർ 32/15-16 തിയതി 23-3-2016 തുക 350000 രൂപ

ബിൽ നമ്പർ 40/15-16 തിയതി 30-3-2016 തുക 50000 രൂപ

മേൽ പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലങ്കോട് ബ്ലോക്കിലുള്ള 5 ഗ്രാമ പഞ്ചായത്തുകൾക്ക് താഴെ പറയുന്ന പ്രകാരം ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | നൽകിയ ബ്ലോക്ക് വിഹിതം | ഡി.ഡി. നമ്പർ & തിയതി |
|---|---|---|

| | | |
|---|---|---|
| വടവന്നൂർ ഗ്രാമ പഞ്ചായത്ത് | 50000 | ഡി.ഡി. നമ്പർ 352167 / 21-3-16 |
| പുതുനഗരം ഗ്രാമ പഞ്ചായത്ത് | 100000 | ഡി.ഡി. നമ്പർ 352170 / 21-3-16 |
| പെരുവെമ്പ് ഗ്രാമ പഞ്ചായത്ത് | 100000 | ഡി.ഡി. നമ്പർ 352169 / 21-3-16 |
| കൊടുവായൂർ ഗ്രാമ പഞ്ചായത്ത് | 100000 | ഡി.ഡി. നമ്പർ 352168/ 21-3-16 |
| പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 50000 | ഡി.ഡി. നമ്പർ 352208 / 31-3-2016 |

പെരുവെമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24-11-16 ലെ എ1-3427/16നം. കത്ത് പ്രകാരം 66996 രൂപ മാത്രമെ 2015-16 വർഷത്തിൽ വിനിയോഗിച്ചിട്ടുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട് വിനിയോഗിക്കാത്ത വികസന ഫണ്ട് 33004 രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബ്ലോക്ക് വിഹിതം കൈപ്പറ്റിയിട്ടുള്ള മറ്റു പഞ്ചായത്തുകളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-13 ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കിയില്ല

എ) കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏഴ് ഗ്രാമപഞ്ചായത്തുകളിലെ ഐ.എ.വൈ ഭവന പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ഗുണഭോക്താക്കൾക്ക് അനുവദിക്കുവാൻ ബാക്കിയുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. മുതലമട ഗ്രാമപഞ്ചായത്ത്

| ഗുണ ഭോക്താ ക്കളുടെ എണ്ണം | | അനുവദിച്ച തുക | | | | |
|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാ നം | ഗ്രാമ പഞ്ചാ യത്ത് | ബ്ലോക്ക് പഞ്ചാ യത്ത് | ജില്ലാ പഞ്ചാ യത്ത് |
| ജനറൽ 25 | അനുവദിച്ച തുക | 1750000 | 1250000 | 500000 | 800000 | 700000 |
| | ചെലവഴിച്ച തുക | 1697500 | 1025000 | 480000 | 800000 | 644000 |
| | അവശേഷി ക്കുന്ന തുക | 52500 | 225000 | 20000 | 0 | 56000 |
| എസ്.സി.പി | അനുവദിച്ച തുക | 1820000 | 1300000 | 520000 | 832000 | 728000 |

| | | | | | | |
|---|---|---|---|---|---|---|
| 26 | ചെലവഴിച്ച തുക | 1589000 | 975000 | 360000 | 704000 | 616000 |
| | അവശേഷിക്കുന്ന തുക | 231000 | 325000 | 160000 | 128000 | 112000 |
| എസ്.ടി 13 | അനുവദിച്ച തുക | 910000 | 650000 | 422500 | 676000 | 591500 |
| | ചെലവഴിച്ച തുക | 794500 | 500000 | 320000 | 676000 | 500500 |
| | അവശേഷിക്കുന്ന തുക | 115500 | 150000 | 102500 | 0 | 91000 |

2. പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്

| ഗുണ ഭോക്താക്കളുടെ എണ്ണം | | അനുവദിച്ച തുക | | | | |
|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| ജനറൽ 34 | അനുവദിച്ച തുക | 2380000 | 1700000 | 680000 | 1088000 | 952000 |
| | ചെലവഴിച്ച തുക | 2348500 | 1700000 | 620000 | 1088000 | 952000 |
| | അവശേഷിക്കുന്ന തുക | 31500 | 0 | 60000 | 0 | 0 |
| എസ്.സി.പി 36 | അനുവദിച്ച തുക | 2520000 | 1800000 | 720000 | 1152000 | 1008000 |
| | ചെലവഴിച്ച തുക | 2156000 | 1480000 | 660000 | 960000 | 812000 |
| | അവശേഷിക്കുന്ന തുക | 364000 | 320000 | 60000 | 192000 | 196000 |

3. പെരുവെമ്പ് ഗ്രാമപഞ്ചായത്ത്

| ഗുണ ഭോക്താക്കളുടെ എണ്ണം | | അനുവദിച്ച തുക | | | | |
|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| ജനറൽ 24 | അനുവദിച്ച തുക | 1680000 | 1200000 | 480000 | 768000 | 672000 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവഴിച്ച തുക | 1617000 | 1150000 | 480000 | 768000 | 672000 |
| | അവശേഷിക്കുന്ന തുക | 63000 | 50000 | 0 | 0 | 0 |
| എസ്.സി.പി 37 | അനുവദിച്ച തുക | 2590000 | 1850000 | 740000 | 1184000 | 1036000 |
| | ചെലവഴിച്ച തുക | 2390500 | 1665000 | 720000 | 1120000 | 952000 |
| | അവശേഷിക്കുന്ന തുക | 199500 | 185000 | 20000 | 64000 | 84000 |

4. പുതുനഗരം ഗ്രാമപഞ്ചായത്ത്

| ഗുണഭോക്താക്കളുടെ എണ്ണം | | അനുവദിച്ച തുക | | | | |
|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| ജനറൽ 14 | അനുവദിച്ച തുക | 980000 | 700000 | 280000 | 448000 | 392000 |
| | ചെലവഴിച്ച തുക | 927500 | 650000 | 260000 | 416000 | 364000 |
| | അവശേഷിക്കുന്ന തുക | 52500 | 50000 | 20000 | 32000 | 28000 |
| എസ്.സി.പി 11 | അനുവദിച്ച തുക | 770000 | 550000 | 220000 | 352000 | 308000 |
| | ചെലവഴിച്ച തുക | 675500 | 475000 | 200000 | 352000 | 308000 |
| | അവശേഷിക്കുന്ന തുക | 94500 | 75000 | 20000 | 0 | 0 |

5. കൊടുവായൂർ ഗ്രാമ പഞ്ചായത്ത്

| ഗുണഭോക്താക്കളുടെ എണ്ണം | | അനുവദിച്ച തുക | | | | |
|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| ജനറൽ | അനുവദിച്ച തുക | 1610000 | 1150000 | 460000 | 736000 | 644000 |

| | | | | | | |
|---|---|---|---|---|---|---|
| 23 | ചെലവഴിച്ച തുക | 1589000 | 1140000 | 460000 | 736000 | 336000 |
| | അവശേഷിക്കുന്ന തുക | 21000 | 10000 | 0 | 0 | 308000 |
| എസ്.സി.പി 32 | അനുവദിച്ച തുക | 2240000 | 1600000 | 640000 | 1024000 | 896000 |
| | ചെലവഴിച്ച തുക | 2086000 | 1475000 | 640000 | 992000 | 896000 |
| | അവശേഷിക്കുന്ന തുക | 154000 | 125000 | 0 | 32000 | 0 |

6. കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

| ഗുണ ഭോക്താക്കളുടെ എണ്ണം | | അനുവദിച്ച തുക | | | | |
|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| ജനറൽ 30 | അനുവദിച്ച തുക | 2100000 | 1500000 | 600000 | 960000 | 840000 |
| | ചെലവഴിച്ച തുക | 2068500 | 1450000 | 600000 | 960000 | 840000 |
| | അവശേഷിക്കുന്ന തുക | 31500 | 50000 | 0 | 0 | 0 |
| എസ്.സി.പി 59 | അനുവദിച്ച തുക | 4130000 | 2950000 | 1180000 | 1888000 | 1652000 |
| | ചെലവഴിച്ച തുക | 3605000 | 2400000 | 1040000 | 1632000 | 1372000 |
| | അവശേഷിക്കുന്ന തുക | 525000 | 550000 | 140000 | 256000 | 280000 |

7. വടവന്നൂർ ഗ്രാമപഞ്ചായത്ത്

| ഗുണ ഭോക്താക്കളുടെ എണ്ണം | | അനുവദിച്ച തുക | | | | |
|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| ജനറൽ 31 | അനുവദിച്ച തുക | 2170000 | 1550000 | 620000 | 992000 | 868000 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവഴിച്ച തുക | 2033500 | 1400000 | 600000 | 960000 | 784000 |
| | അവശേഷിക്കുന്ന തുക | 136500 | 150000 | 20000 | 32000 | 84000 |
| എസ്.സി.പി 38 | അനുവദിച്ച തുക | 2660000 | 1900000 | 760000 | 1216000 | 1064000 |
| | ചെലവഴിച്ച തുക | 2271500 | 1550000 | 740000 | 1120000 | 952000 |
| | അവശേഷിക്കുന്ന തുക | 388500 | 350000 | 20000 | 96000 | 112000 |

ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടേയും വിതരണം ചെയ്യുവാനുള്ള തുകയുടേയും സംഗ്രഹം താഴെ ചേർക്കുന്നു.

എ. ജനറൽ വിഭാഗം

| ഗ്രാമ പഞ്ചായത്തിന്റെ പേര് | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | | | | |
|---|---|---|---|---|---|
| | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| മുതലമട | 52500 | 225000 | 20000 | 0 | 56000 |
| പട്ടഞ്ചേരി | 31500 | 0 | 60000 | 0 | 0 |
| പെരുവെമ്പ് | 63000 | 50000 | 0 | 0 | 0 |
| പുതുനഗരം | 52500 | 50000 | 20000 | 32000 | 28000 |
| കൊട്ടവായൂർ | 21000 | 10000 | 0 | 0 | 308000 |
| കൊല്ലങ്കോട് | 31500 | 50000 | 0 | 0 | 0 |
| വടവന്നൂർ | 136500 | 150000 | 20000 | 32000 | 84000 |
| വിതരണം ചെയ്യാതെ അവശേഷിക്കുന്ന ആകെ തുക | 1583500 | 535000 | 120000 | 64000 | 476000 |
| ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ എണ്ണം | 150 | 21 | 6 | 2 | 17 |

ബി) എസ്.സി.പി വിഭാഗം

| ഗ്രാമ പഞ്ചായത്തിന്റെ പേര് | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | | | | |
|---|---|---|---|---|---|
| | കേന്ദ്ര വിഹിതം | സംസ്ഥാനം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| മുതലമട | 115500 | 150000 | 102500 | 0 | 91000 |

| | | | | | |
|---|---|---|---|---|---|
| പട്ടഞ്ചേരി | 364000 | 320000 | 60000 | 192000 | 196000 |
| പെരുവെമ്പ് | 199500 | 185000 | 20000 | 64000 | 84000 |
| പുതുനഗരം | 94500 | 75000 | 20000 | 0 | 0 |
| കൊടുവായൂർ | 154000 | 125000 | 0 | 32000 | 0 |
| കൊല്ലങ്കോട് | 525000 | 550000 | 140000 | 256000 | 280000 |
| വടവന്നൂർ | 388500 | 350000 | 20000 | 96000 | 112000 |
| വിതരണം ചെയ്യാതെ അവശേഷിക്കുന്ന ആകെ തുക | 1841000 | 1755000 | 362500 | 640000 | 763000 |
| ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ എണ്ണം | 175 | 70 | 18 | 20 | 27 |

ഐ.എ.വൈ ഭവന പദ്ധതിക്കായി 175 എസ്.സി ഗുണഭോക്താക്കൾക്കും, 150 ജനറൽ ഗുണഭോക്താക്കൾക്കും കേന്ദ്ര വിഹിതത്തിൽ നിന്നും 10500 രൂപ വീതം നാളിതുവരെ വിതരണം ചെയ്തിട്ടില്ല.

സംസ്ഥാന വിഹിതത്തിൽ നിന്ന് മിക്ക ഗുണഭോക്താക്കൾക്കും 50% തുക മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. എസ്.സി വിഭാഗത്തിലെ 70 പേർക്കും, ജനറൽ വിഭാഗത്തിൽ 21 പേർക്കും സംസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല. ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം മിക്ക ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

എസ്.സി വിഭാഗത്തിൽ 18 ഗുണഭോക്താക്കൾക്കും, ജനറൽ വിഭാഗത്തിൽ 6 ഗുണഭോക്താക്കൾക്കും ഗ്രാമപഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടില്ല.

എസ്.സി വിഭാഗത്തിൽ 20 ഗുണഭോക്താക്കൾക്കും, ജനറൽ വിഭാഗത്തിൽ 2 ഗുണഭോക്താക്കൾക്കും ബ്ലോക്ക് വിഹിതം അനുവദിച്ചിട്ടില്ല.

എസ്.സി വിഭാഗത്തിൽ 27 ഗുണഭോക്താക്കൾക്കും, ജനറൽ വിഭാഗത്തിൽ 17 ഗുണഭോക്താക്കൾക്കും ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടില്ല.

എസ്.സി വിഭാഗക്കാർക്ക് വിതരണം ചെയ്യുവാനുള്ള ആകെ വിഹിതം – 5361500

ജനറൽ വിഭാഗക്കാർക്ക് വിതരണം ചെയ്യുവാനുള്ള ആകെ വിഹിതം – 2778500

2 വർഷ പദ്ധതിയായി വിഭാവനം ചെയ്യുന്ന ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതി നീണ്ടു പോകാതെ സമയബന്ധിതമായി പൂർത്തീകരിക്കുവാനും, വിതരണം ചെയ്യാതെ അവശേഷിക്കുന്ന എല്ലാ വിഹിതങ്ങളും അതാത് സമയങ്ങളിൽ വിതരണം ചെയ്യുവാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) ഐ.എ.വൈ പദ്ധതിയ്ക്കായി വകയിരുത്തിയ വികസന ഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു- വൻ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഐ.എ.വൈ ഭവന നിർമ്മാണ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ച തുകകളും ഗ്രാമപഞ്ചായത്തുകൾ, ജില്ലാപഞ്ചായത്ത്, സംസ്ഥാന സർക്കാർ വിഹിതം എന്നീ വിഹിതങ്ങളും നിക്ഷേപിച്ചിട്ടുള്ളത് പഞ്ചാബ് നാഷണൽ ബാങ്കിന്റെ 67423 എന്ന അക്കൗണ്ടിലാണ്. സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷവും ഈ അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. 2015-16മാർച്ച് മാസത്തിനുശേഷം 41162732 രൂപയാണ് ഈ അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്നത്. പ്രൊജക്ട് അടങ്കൽ പ്രകാരമുള്ള മുഴുവൻ തുകയും പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കുകയും പിന്നീട് നിർമ്മാണം പൂർത്തിയാക്കുന്ന വീടുകളുടെ സ്റ്റേജ് അനുസരിച്ച് തുക നൽകുന്നതുമൂലമാണ് ഇത്തരത്തിൽ തുക അവശേഷിക്കുവാൻ ഇടയാക്കുന്നത്.
ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ആവശ്യമുള്ള പ്ലാൻഫണ്ട് മാത്രം പിൻവലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിരീക്ഷണം

നീക്കിയിരിപ്പുള്ള തുകയിൽ ബ്ലോക്ക്, ജില്ല, ഗ്രാമ, സംസ്ഥാന വിഹിതം എന്നീ വിഭാഗത്തിൽ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങളും ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നീ വിഭാഗങ്ങൾക്കുള്ള തുകയുടെ വിശദാംശങ്ങളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. 2014-15 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത വിവരം സൂചിപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടിയെടുത്തിട്ടില്ല.

ഓഡിറ്റ് നിർദേശങ്ങൾ

1. വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന തുകകളുടെ വരവ്, ചെലവ് വിവരങ്ങൾ, ഗുണഭോക്താക്കളുടെ കാറ്റഗറി തിരിച്ച് രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2. ഓരോ ബില്ലും പിൻവലിക്കുമ്പോൾ ധനസഹായം നൽകപ്പെടുന്ന ഗുണഭോക്താക്കളുൾപ്പെടുന്ന സ്ഥാപനത്തിന്റെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ ഇനം തിരിച്ച് എഴുതി സൂക്ഷിക്കുകയും, വിതരണ രജിസ്റ്ററിൽ സമയബന്ധിതമായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

3. അവശേഷിക്കുന്ന തുകയിൽ ഓരോ സ്ഥാപനത്തിൽ നിന്നുമുള്ള വിഹിതം വ്യക്തമാക്കുന്ന രീതിയിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കേണ്ടതുമാണ്.

4. വിതരണം ചെയ്യുവാനുള്ള തുക അടിയന്തിരമായി വിതരണം ചെയ്യേണ്ടതും പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വിവിധ ഗ്രാമ പഞ്ചായത്തുകൾ | 2015-16 | 9160000 | I A Y വിഹിതം | 8240000 | 920000 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 17493534 | I A Y വിഹിതം | 10776500 | 6717034 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 9/16-മതിരംപള്ളം കുടിവെള്ളപദ്ധതി | 13/11-9-2015 | 580000 | 399923 | 180077 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 98-99 | 10 | 2003-04 | 4.13 | പഞ്ചായത്ത് അനക്സർ കെട്ടിട നിർമ്മാണം | നിയമസഭാ സമിതി വിഷയം തീർപ്പാക്കിയിട്ടില്ല |
| | 11 | | | സി.എച്.സി കൊടുവായൂർ- നിർമ്മാണം | |
| | 14 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാരജാക്കിയില്ല | |
| 99-00 | 9എ | | | സി.എച്.സി കൊടുവായൂർ- നിർമ്മാണം | |
| | 16(3) | | | കൊല്ലത്ത് കുളമ്പ് തടയണ | |
| | 17(2) | | | വടവന്നൂർക്കാര പറമ്പ് തോട്ടിൽ തടയണ | |
| | 19 | | | അളവുപുസ്തകങ്ങൾ ലഭ്യമായില്ല | |
| | 20 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല | |
| | 20 B | | | പൈപ്പ് വാങ്ങിയതിലെ | |

| | | | | |
|---|---|---|---|---|
| | | | ചെലവ് | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 168377191 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 162546798 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | - | 51000 (Fine) | ശ്രീ.പി.സി.സോമസുന്ദരൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.സി.സോമസുന്ദരൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | വിരമിച്ചു | തുഷാരാ നിവാസ്, കല്ലിപ്പാടം(പി.ഒ), ഷൊർണ്ണൂർ, പാലക്കാട്- 679122 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | LFP.10/576/99/ 13-01-2000 | 3 |
| 1998-99 | LF-P5/1046/03/5-1-2004 | 3 |
| 1999-200 | LF-P5/1047/03/5-1-2004 | 6 |
| 2000-01 | LFP6 /19/06/12-02-2007 | 3 |
| 2001-02 | LFP6/20/06/24-01-2007 | 10 |
| 2002-03 | LFP6/442/06/24-01-16 | 8 |
| 2003-04 | LFP6/923/2007 | 6 |
| 2004-05 | LFP6/924/2007/3-12-07 | 5 |
| 2005-06 | LFP6/925/2007/3-12-2007 | 6 |
| 2006-07 | LFP6/1113/08/6-03-2009 | 5 |
| 2007-08 | LFP8/1273/2011/7-7-12 | 6 |
| 2008-09 | LFP8/1234/ 2011/16-12-11 | 7 |

| | | |
|---|---|---|
| 2009-10<br>2010-11 | LFP8/1006/2013/17-03-14 | 10 |
| 2011-12 | LFP8/1949/ 2014/<br>04-02-2015 | 10 |
| 2012-13 മുതൽ 2014-15 വരെ | KSA PKD 8/335/2016/<br>7-04-16 | 13 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ